"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 'ഔഷധി' - യിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിനു ടെൻഡർ നടപടികളില്ലാതെ നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിന് ഇളവ് നൽകിയിരിക്കുന്ന ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.47/2024/SPD   തീയതി,തിരുവനന്തപുരം, 17-05-2024

---

പരാമർശം:-

1. 27.02.2023 ലെ സ.ഉ.(സാധാ)നം.23/2023/എസ്.പി.ഡി.
2. 20.01.2024 ലെ ഔഷധി മാനേജിംഗ് ഡയറക്ടറുടെ എസ്2.63A/05 എന്ന നമ്പർ കത്ത്.
3. 23.02.2024 ലെ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ, കത്ത്

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു ടെൻഡർ നടപടികളില്ലാതെ 'ഔഷധി' - യിൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം നൽകിയിരിക്കുന്ന ഇളവിന്റെ കാലാവധി 26.02.2024 ൽ അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ടി ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറും ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഔഷധി സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, സിദ്ധ മരുന്നുകളും, പൊതു വിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള എല്ലാ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് നൽകിക്കൊണ്ടുള്ള അനുമതി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്-

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,

ആരോഗ്യഭവൻ, പി.ബി.നമ്പർ.182, തിരുവനന്തപുരം-695 001.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ് (ഫയൽ നം. AYUSH-A1/49/2024-AYUSH ).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്നതിന്).
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.
(ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ